**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5438** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ടായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. Security Related Expenditure സ്കീമിൽ 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 38.455 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുകയും, റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിലാണ് ഈ തുക ലഭ്യമാക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ 25% തുക മാത്രമേ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ഏകദേശം 52% തുക ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. 2. Special Infrastructure സ്കീമിൽ- 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 6 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ തുക റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ ലഭ്യമാക്കുവാനാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്രവിഹിതത്തിന്റെ 25% തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം 90% തുക ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോലീസ് വകുപ്പാണ് ഇതിന്റെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നത്. |
| (ബി) | പ്രസ്തുത തുകയിൽ ഇതിനോടകം ചെലവഴിച്ചിട്ടുള്ള തുക എത്ര; ഇതിന്റെ വരവുചെലവുകൾ ഏതൊക്കെ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്; വെളിപ്പെടുത്തുമോ; | (ബി) | 1. Security Related Expenditure സ്കീമിൽ 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 38.455 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുകയും, റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിലാണ് ഈ തുക ലഭ്യമാക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ 25% തുക മാത്രമേ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ഏകദേശം 52% |

| | | | |
|---|---|---|---|
| | | | തുക ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. 2. Special Infrastructure സ്കീമിൽ- 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 6 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ തുക റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ ലഭ്യമാക്കുവാനാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്രവിഹിതത്തിന്റെ 25% തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം 90% തുക ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോലീസ് വകുപ്പാണ് ഇതിന്റെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നത്. |
| (സി) | പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; | (സി) | മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. Security Related Expenditure Scheme-മുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, Special Infrastructure സ്കീമുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്: Security Related Expenditure Scheme:- പോലീസുദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക, ആയുധങ്ങൾ വാങ്ങുക, മാവോയിസ്റ്റ് മേഖലകളിലെ ജനങ്ങളുടെ സാമൂഹ്യ ക്ഷേമത്തിനും, ആരോഗ്യ പരിപാലനത്തിനും ഉതകുന്ന ക്യാമ്പുകൾ ഉൾപ്പെടെ സംഘടിപ്പിക്കുക, സ്പെഷ്യൽ പോലീസ് ഓഫീസർമാർക്ക് ഹോണറേറിയം നൽകുക, മാവോയിസ്റ്റ് കാഡറുകളുടെ പുനരധിവാസം, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, മാവോയിസ്റ്റ് മേഖലകളിലെ പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുക, സെക്യൂരിറ്റി ജീവനക്കാർക്ക് ഇൻഷുറൻസ് പ്രീമിയം നൽകുക. Special Infrastructure Scheme:- ഫീൽഡ് ഉദ്യോഗസ്ഥർക്ക് ആവശ്യം വേണ്ട ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ്, കൂടാതെ അത്യാധുനിക ക്യാമറകൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, വയർലെസ്സ് സെറ്റുകൾ വാങ്ങുക, കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ, പ്രിന്ററുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുക. ആഭ്യന്തര സുരക്ഷാ സംവിധാനം സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഇന്റലിജൻസ് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടാതെ പോലീസുദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഉതകുന്ന തരത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക. |
| (ഡി) | മേൽപ്പറഞ്ഞ പണം ചെലവഴിക്കുന്നതിന് എന്തൊക്കെ മാർഗനിർദേശങ്ങളാണ് കേന്ദ്രസർക്കാർ നൽകിയിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. Security Related Expenditure Scheme-മുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, Special Infrastructure സ്കീമുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്: Security Related Expenditure Scheme:- പോലീസുദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക, ആയുധങ്ങൾ വാങ്ങുക, മാവോയിസ്റ്റ് മേഖലകളിലെ ജനങ്ങളുടെ സാമൂഹ്യ ക്ഷേമത്തിനും, ആരോഗ്യ പരിപാലനത്തിനും ഉതകുന്ന ക്യാമ്പുകൾ ഉൾപ്പെടെ സംഘടിപ്പിക്കുക, സ്പെഷ്യൽ പോലീസ് ഓഫീസർമാർക്ക് ഹോണറേറിയം നൽകുക, മാവോയിസ്റ്റ് കാഡറുകളുടെ പുനരധിവാസം, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, മാവോയിസ്റ്റ് മേഖലകളിലെ പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുക, സെക്യൂരിറ്റി ജീവനക്കാർക്ക് ഇൻഷ്വറൻസ് പ്രീമിയം നൽകുക. Special Infrastructure Scheme:- ഫീൽഡ് ഉദ്യോഗസ്ഥർക്ക് ആവശ്യം വേണ്ട ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ്, കൂടാതെ അത്യാധുനിക ക്യാമറകൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, വയർലെസ്സ് സെറ്റുകൾ വാങ്ങുക, കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ, പ്രിന്ററുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുക. ആഭ്യന്തര സുരക്ഷാ സംവിധാനം സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഇന്റലിജൻസ് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടാതെ പോലീസുദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക. |

സെക്ഷൻ ഓഫീസർ